## 1226

വന്ദനം പൊന്നേശുനാഥാ!
നിന്റെ കൃപയ്ക്കായ് -എന്നുമേ

1 ഇന്നുഷസ്സിൽ പ്രഭ കാണ്മതിന്നായ്
തന്ന കൃപയോർത്തിതാ-വന്ദനം

2 പോയരാവിൽ എന്നെ കാവൽ ചെയ്ത
നായകനേ നന്ദിയായ്-വന്ദനം

3 ഇന്നലെക്കാൾ ഇന്നു നിന്നോടേറ്റം
ചേർന്നു ജീവിക്കേണം ഞാൻ-വന്ദനം

4 ഇന്നു നിന്റെ ആത്മശക്തി മൂലം
എന്നെ മുറ്റും കാക്കുക-വന്ദനം

5 നിന്മുഖത്തിലുള്ള ദിവ്യകാന്തി
എൻമേൽ ശോഭിക്കേണമേ-വന്ദനം

6 അഴിയാത്ത ജീവശക്തിയെന്നിൽ
ഒഴിയാതെ പാർക്കേണം-വന്ദനം- **P.V.T.**